(സി) തിരുവിതാംകൂർ ദേവസ്വം ബോർഡിന് കേന്ദ്ര സാംസ്കാരിക മന്ത്രാലയത്തിൽ നിന്നും ധനസഹായമൊന്നും ലഭിക്കുന്നില്ല. കൊച്ചിയിൽ കേന്ദ്ര പുരാവസ്തു വകുപ്പ് നേരിട്ടാണ് പണികൾ ഏറ്റെടുത്ത് ചെയ്യുന്നത്. മലബാറിലും ആർക്കിയോളജി വകുപ്പ് നേരിട്ടാണ് പണികൾ ഏറ്റെടുത്ത് ചെയ്തു വരുന്നത്. സാമ്പത്തിക സഹായം നൽകുന്നില്ല. ഗുരുവായൂർ, കൂടൽമാണിക്യം ദേവസ്വങ്ങളിലും കേന്ദ്ര സാംസ്കാരിക മന്ത്രാലയം ധനസഹായം നൽകുന്നില്ല.

ആചാരസ്ഥാനികൾക്കും കോലധാരികൾക്കുമുള്ള ആനുകൂല്യങ്ങൾ

268(560) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തര മലബാറിലെ ക്ഷേത്രങ്ങളിലേയും കാവുകളിലേയും ആചാരസ്ഥാനികൾക്കും കോലധാരികൾക്കും നൽകിയിരുന്ന സാമ്പത്തിക ആനുകൂല്യം പുനഃസ്ഥാപിച്ച് നൽകുന്നതിന് ബഡ്ജറ്റിൽ എത്ര കോടി രൂപ വകയിരുത്തിയിട്ടുണ്ട് :

(ബി) ഈ തുക അർഹതപ്പെട്ടവർക്ക് നൽകുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ; തുക എന്ന് നൽകാനാവും എന്നും അറിയിക്കുമോ?

ഉത്തരം

(എ) ഉത്തരമലബാറിലെ ക്ഷേത്രങ്ങളിലെ ആചാരസ്ഥാനികൾക്കും കോലധാരികൾക്കും ധനസഹായം നൽകുന്ന സ്ഥിരമായ പദ്ധതി സംസ്ഥാനത്ത് ഉണ്ടായിരുന്നില്ല. എന്നാൽ ഇത്തരക്കാർക്കായി ഒരു നൂതന പദ്ധതി 2010-ൽ ആരംഭിക്കുകയും 2010-11 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ ഒരു കോടി രൂപ പ്രഖ്യാപിച്ചിട്ടുമുണ്ട്.

(ബി) ഉത്തരമലബാറിലെ ക്ഷേത്രങ്ങളിലെ ആചാരസ്ഥാനികൾ, കോലധാരികൾ തുടങ്ങിയവരിൽ ധനസഹായത്തിന് അർഹരായവരുടെ ലിസ്റ്റ് സർക്കാർ പരിശോധിച്ചു വരുന്നു. 2011 ജനുവരി മാസത്തിൽ ധനസഹായം നൽകുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly